(ബി) ഇതിൽ എത്ര തുക സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്;

(സി) ബാക്കി തുക അനുവദിച്ചുനൽകാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രോജക്ട് പാക്കേജ് പദ്ധതി പ്രകാരം മൊത്തം 8.79 ലക്ഷം രൂപ സംഘത്തിന് ഹാൻടെക്സ് വഴി സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിൽ 8.64 ലക്ഷം രൂപ ഹാൻടെക്സ് സംഘത്തിന് നൽകിയിട്ടുണ്ട്.

(സി) ബാക്കി തുകയായ 0.15 ലക്ഷം രൂപ സംഘത്തിന് ഹാൻടെക്സ് ഉടൻ നൽകുന്നതാണ്.

അനധികൃത ഖനനം

30 [2157] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി:

,, സി. മമ്മൂട്ടി:

,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ൽ സംസ്ഥാനത്ത് അനധികൃത ഖനനം സംബന്ധിച്ച് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്;

(ബി) ഇതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചു;

(സി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ ഇപ്പോൾ കോടതിയിലുണ്ട്;

(ഡി) എത്ര കേസ്സുകളിൽ കുറ്റക്കാരെ ശിക്ഷിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003-2004 വർഷത്തിൽ വകുപ്പ് അനധികൃത ഖനനം സംബന്ധിച്ച് 618 കേസുകൾ എടുത്തിട്ടുണ്ട്.

(ബി) അനധികൃത ഖനനം കണ്ടുപിടിച്ച് കേസെടുത്തതിൽ ഖനനം നടത്തിയിരുന്നവരിൽ നിന്നോ, വസ്തു ഉടമകളിൽനിന്നോ, ആയി മൊത്തം 610 കേസുകൾ രാജിയാക്കി പിഴ ഈടാക്കിയിട്ടുണ്ട്. 610 കേസുകളിൽ നിന്നുമായി ആകെ 38,50,733 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

(സി) അനധികൃത ഖനനം സംബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ കോടതിയിൽ 7 കേസുകൾ നിലവിലുണ്ട്.

(ഡി) ഒരു കേസിൽ കുറ്റക്കാരനെ കോടതി ശിക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly